# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ബെള്ളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-7/1009/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബെള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-7/1009/2022 തീയ്യതി: 28/03/2023

## കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാധാകൃഷ്ണൻ .എം.എൻ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല ) | 21-10-2022 | 29-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-10-2022 | 29-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

(1)ഗോപാലകൃഷ്ണ നായ്ക്ക് .പി.ഓഡിറ്റ് ഓഫീസർ
(2)ജയാനന്ദ.എച്ച്. ഓഡിറ്റ് ഓഫീസർ
(3)യാദവ കുമാര.സി.എച്ച്.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
(4)എം.ബാബു.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
(5)ജനാർദ്ദനൻ .സി.സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീധര.എം. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| മിഥുൻ കൈലാസ്.സി.എ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ.എം.കെ | അസിസ്റ്റന്റ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | 01-04-2021 | 05-12-2021 |
| മുഹമ്മദ് സുഹൈബ്.കെ. | അസിസ്റ്റന്റ് എഞ്ചിനിയർ എൽ.എസ്.ജി.ഡി | 06-12-2021 | 31-03-2022 |
| ഗിരീഷ് .ബി. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| രമ.ടി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 12-08-2021 |
| മഞ്ജുള.കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-08-2021 | 31-03-2022 |
| അനീഷ് കുമാർ.ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 15-02-2022 |
| ഗോകുൽ.ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16-02-2022 | 31-03-2022 |
| പ്രകാശ്.ബി.എം. | പ്രധാനധ്യാപകൻ | 01-04-2021 | 31-03-2022 |
| ഡോ.സിനു വർഗീസ് | വെറ്റിനറി സർജ്ജൻ | 01-04-2021 | 25-07-2021 |
| ഡോ.ശ്രീവൻ. | വെറ്റിനറി സർജ്ജൻ | 26-07-2021 | 12-08-2021 |
| ഡോഅഖിൽ രാജ്. | വെറ്റിനറി സർജ്ജൻ | 13-08-2021 | 09-03-2022 |
| ഡോ.എൻ.എസ്.അരുൺകുമാർ | വെറ്റിനറി സർജ്ജൻ | 10-03-2022 | 31-03-2022 |
| ഡോ.അഖിൽ .സി.എച്ച്. | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ.ശിബ്ല.നർഗീസ്. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ജിതിൻ രാജ്. | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ബിനു മോൻ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| അനിൽ കുമാർ.എം..ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 29-09-2021 |
| ഹനീഫ.പി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 30-09-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ. | 1-2 |
| 3 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം -60,000/- രൂപ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-2-1 |
| 4 | ബാലൻസ് ഷീറ്റിലെ പ്രധാന അപാകത | 1-2-2 |
| 5 | ദുരിതാശ്വാസ ഫണ്ട് അക്കൗണ്ടിങ്ങിലെ അപാകത | 1-2-3 |
| 6 | സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന, മൂല്യ നിർണയം നടത്തുന്നില്ല. | 1-2-4 |
| 7 | സ്ഥിരാസ്തികളുടെ ഭൗതിക പരിശോധനകൾ നടത്തുന്നില്ല. | 1-2-5 |
| 8 | മൂന്ന് മാസത്തിലധികമായിട്ടും പഞ്ചായത്ത് ഫണ്ടിലേക്ക് ചെക്കുകൾ വരവ് വെക്കുന്നില്ല. | 1-2-6 |
| 9 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പഞ്ചായത്ത് മീറ്റിംഗിൽ സമർപ്പിക്കുന്നില്ല. | 1-2-7 |
| 10 | വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ | 1-2-8 |
| 11 | സാമ്പത്തിക അവലോകനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾക്കായി തൻ വർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | ബെള്ളൂർ ഗ്രാമ പഞ്ചായത്തിലെ ബജയിൽ പ്രവർത്തിക്കുന്ന മോഡൽ ആർട്സ് &സയൻസ് കോളേജിലെ അനധികൃത നിർമ്മാണം സംബന്ധിച്ച്. | 1-10 |
| 19 | ഗുണഭോക്താവ് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നത് സംബന്ധിച്ച് | 1-11 |
| 20 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതിയില്ല- ഫണ്ട് വിനിയോഗിക്കാൻ ബാക്കി | 1-12 |
| 21 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തിട്ടില്ല. | 1-13 |
| 22 | ഒ.ഡി.എഫ് പദ്ധതി ( Gen Toilet) നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല .-നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1-14 |

| | | |
|---|---|---|
| 23 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടത്തിയ പദ്ധതികൾ - മോണിറ്ററിംഗ് രേഖകൾ ലഭ്യമല്ല. | 1-15 |
| 24 | കാസറഗോഡ് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എ.ബി.സി പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-16 |
| 25 | എംസിഎഫ് കെട്ടിട നിർമ്മാണം ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-17 |
| 26 | ഹോമിയോ മരുന്ന് ലഭിക്കുന്നതിൽ വലിയ കാലതാമസം | 1-18 |
| 27 | പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയില്ല | 1-19 |
| 28 | ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി-അപാകത | 1-20 |
| 29 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ- മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല | 1-21 |
| 30 | ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്ത വ്യക്തിക്ക് സബ്സിഡി ആനുകൂല്യം നൽകി-നിർവ്വഹണം കൃഷി ഓഫീസർ | 1-22 |
| 31 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ-നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1-23 |
| 32 | തുടർ സാക്ഷരത തുല്യതാ പഠിതാക്കളുടെ ഫീസ് ഒടുക്കൽ പദ്ധതി നടപ്പിലാക്കിയത് കോഴ്സ് പൂർത്തീകരണം സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-24 |
| 33 | ക്യാഷ് ബുക്ക്,പ്രൊജക്ട് രജിസ്റ്റർ ഹാജരാക്കിട്ടില്ല. | 1-25 |
| 34 | പദ്ധതി ചെലവുകൾ സംബന്ധിച്ച യു.ടി ആർ .സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കേണ്ടതാണ്. | 1-26 |
| 35 | ഡയാലിസിസ് യൂണിറ്റിന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-27 |
| 36 | വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡിപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്. | 4-4 |

| | | |
|---|---|---|
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 01(1) തിയ്യതി. 24.02.2021 | 02(01)തിയ്യതി 08.03.2022 |
| മുന്നിരിപ്പ് | 1009484 | -2353408 |
| വരവ് | 80890202 | 109790158 |
| ആകെ | 81899686 | 107436750 |
| ചെലവ് | 81476802 | 106911749 |
| നീക്കിയിരിപ്പ് | 422884 | 525001 |

## 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം -60,000/- രൂപ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമിനത്തിൽ 2 പേർക്കായി ആകെ 60,000/-രൂപ (30000x2) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ധനകാര്യപത്രികയിലെ I-6, RP-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-2-2 ബാലൻസ് ഷീറ്റിലെ പ്രധാന അപാകത

2021-22 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച്

ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ട്, ഇ-പെയ്മെന്റ് അക്കൗണ്ടുകൾ എന്നിവയിൽ വിവിധ ഗ്രാന്റുകളും ഫണ്ടുകളും അക്കൗണ്ട് ചെയ്തിട്ടുണ്ട്. (ഉദാ- ശുചിത്വമിഷൻ ഗ്രാന്റ്, സമഗ്ര ശിശുവികസന പദ്ധതി വിഹിതം എന്നിവ).എന്നാൽ മേൽ അക്കൗണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അതത് ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

### 1-2-3 ദുരിതാശ്വാസ ഫണ്ട് അക്കൗണ്ടിങ്ങിലെ അപാകത

31.3.2022-ലെ ബാലൻസ് ഷീറ്റ്- B-2 ൽ പഞ്ചായത്ത് ദുരിതാശ്വാസ ഫണ്ട് എന്ന ഇനത്തിൽ 8529 രൂപയുണ്ട്. എന്നാൽ 31.3.2022-ലെ ദുരിതാശ്വാസ ഫണ്ട് ഇനത്തിലെ ബാങ്ക് ബാലൻസ് 8329 രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

### 1-2-4 സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും ഭൗതിക പരിശോധന, മൂല്യ നിർണയം നടത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-2-5 സ്ഥിരാസ്തികളുടെ ഭൗതിക പരിശോധനകൾ നടത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

### 1-2-6 മൂന്ന് മാസത്തിലധികമായിട്ടും പഞ്ചായത്ത് ഫണ്ടിലേക്ക് ചെക്കുകൾ വരവ് വെക്കുന്നില്ല.

| ചെക്ക് നം./തീയതി | തുക (₹) |
|---|---|
| 22572/18-02-2022 | 300/- |

### 1-2-7 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പഞ്ചായത്ത് മീറ്റിംഗിൽ സമർപ്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

### 1-2-8 വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ

1).ഇ-ടെണ്ടർ ഫോറം ഇനത്തിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2)വസ്തുനികുതിയിൽ വാർഷിക കണക്കിലെയും, സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ ഡിമാന്റ്, കളക്ഷൻ തുകകളും പൊരുത്തപ്പെടുന്നില്ല.

3).ജനനമരണ വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്ഥാപനം കൈപ്പറ്റുന്ന അപേക്ഷാ ഫീ,

രജിസ്ട്രേഷൻ ഫീ, പിഴ, പകർപ്പ് ഫീ എന്നീ വരവുകൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മേൽ പരാമർശിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലെ വരവ് ചെലവുകൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

4) ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം Advance To Others എന്ന ശീർഷകത്തിൽ 8,07,146/- രൂപ ഉണ്ട്. പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5) വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms, Sale Of Scrap എന്നീ ഇനങ്ങളിൽ യഥാക്രമം 146753/- രൂപ, 2000/-രൂപ എന്നിങ്ങനെ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6) ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

7) 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

8) അഡ്വാൻസ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9)റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-3 സാമ്പത്തിക അവലോകനം

(വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| സാമ്പത്തിക വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 93,38,341 |
| വരവ് | 4,57,68,477 |
| ആകെ | 5,51,06,818 |
| ചെലവ് | 4,45,45,528 |
| നീക്കിയിരിപ്പ് | 1,05,61,290 |

## 1-4 ഫണ്ട് വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2021-22)

| ഫണ്ട് ഇനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9132981 | 9132981 | 8728975 | 404006 | 95.57 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6057179 | 6057179 | 5145054 | 912125 | 84.94 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 1959171 | 1959171 | 1705997 | 253174 | 87.07 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5422000 | 5422000 | 1690595 | 3731405 | 31.18 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4999414 | 4999414 | 3451355 | 1548059 | 69.03 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 6290686 | 6290686 | 1362267 | 4928419 | 21.65 |
| | Bank | | | | | |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(untied) | 0 | 2244129 | 2244129 | 1730592 | 513537 | 77.11 |
| | Bank | | | | | |

1) വികസനഫണ്ട്-(ജനറൽ) സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 6,30,667 രൂപ .അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 3,66,667 രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 38,1333 / രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ട് ഇനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8098308 | 8098308 | 8098308 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4778387 | 4778387 | 4778387 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1324664 | 1324664 | 1324664 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1690595 | 1690595 | 1690595 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3451355 | 3451355 | 3451355 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(untied) | 0 | 769429 | 769429 | 769429 | |
| | Bank | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 219998 | 219998 | 219998 | |
| | Bank | | | | 0 |
| ബി ഫണ്ട് | | | | | |
| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| തൊഴിൽ രഹിത | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| വേതനം | | | | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 60000 | 60000 | 60000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 365000 | 365000 | 365000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് | 0 | 5497644 | 5497644 | 5497644 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 0 | 240000 | 240000 | 240000 | 0 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 0 | 371432 | 371432 | 371432 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| തൊഴിലുറപ്പ് പദ്ധതി | 0 | 32904397 | 32904397 | 32904397 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 0 | 500000 | 500000 | 392077 | 107923 |
| മറ്റ് കേന്ദ്ര ഗ്രന്റുകൾ | 0 | 3930000 | 3930000 | 3930000 | 3930000 |
| ടോട്ടൽ സാനിറ്റേഷൻ | 813949 | 2988086 | 3802035 | 1059165 | 2742870 |
| ദേശീയ വികലാംഗ പുനരധി വാസ പദ്ധതി | 0 | 90000 | 90000 | 90000 | 0 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| കേരളോൽസവം | 0 | 50000 | 50000 | 0 | 50000 |
| ജല നിധി | 0 | 411248 | 411248 | 411248 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 5,19,91,991 | 102 | 3,17,89,339 | 0 | 42 | 61.14 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 26 | 6832537 | 17 | 4444795 | 65.05 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 54 | 18285174 | 31 | 7559568 | 41.34 |
| 3 | കൃഷി ഓഫീസർ | 8 | 1881448 | 8 | 1540835 | 81.90 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(1) | 17 | 15147799 | 13 | 9926827 | 65.53 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 3137000 | 9 | 2676635 | 85.32 |
| 6 | വെറ്ററിനറി സർജ്ജൻ | 7 | 2450000 | 5 | 2009299 | 82.01 |
| 7 | മെഡിക്കൽ ഓഫീസർ അലോപ്പതി | 7 | 1993033 | 6 | 1767350 | 88.68 |
| 8 | പ്രധാനാധ്യാപകൻ | 5 | 768000 | 5 | 756606 | 98.52 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 390000 | 4 | 379830 | 97.39 |
| 10 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 537000 | 1 | 270764 | 50.42 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 450000 | 1 | 350000 | 77.78 |
| 12 | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 2 | 1,20,000 | 2 | 106830 | 89.01 |
| ആകെ | | 144 | 51991991 | 102 | 31789339 | 61.14 |

2021-22 വർഷത്തിൽ പദ്ധതി അടങ്കൽ തുകയുടെ 61.14ശതമാനം മാത്രമാണ് ചെലവ് ചെയ്തത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 21739.96 | 1709880 | 1731619.96 | 1731619.96 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 31289008.14 | 31289008.14 | 31289008.14 | 0 |
| ആകെ | 21739.96 | 32998888.14 | 33020628.10 | 33020628.10 | 0 |

കൂടാതെ 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന സർക്കാർ

അനുവദിച്ച 3,65,000 രൂപയും തൻവർഷം വിനിയോഗിച്ചിട്ടുണ്ട്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 1388 പദ്ധതികളുൾപ്പെടുന്ന 15,26,85,250രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. . തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 84,097 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 365 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻ വർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

ക്ഷേമ പദ്ധതികൾക്കായി തൻ വർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേർ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 36800 | 42 |
| വിധവാപെൻഷൻ | 7930800 | 5027 |
| വാർദ്ധക്യകാലപെൻഷൻ | 9033000 | 5967 |
| വികലാംഗപെൻഷൻ | 2923200 | 1848 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 190400 | 126 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

ക്യാഷ് വെരിഫിക്കേഷൻ

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-10-2022 തീയ്യതിയിൽ 3. Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 7109/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്തു പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | ഹെഡ്ക്ലാർക്ക് | 1 |
| 3 | അക്കൗണ്ടന്റ് | 1 |
| 4 | സീനിയർ ക്ലാർക്ക് | 3 |
| 5 | ക്ലാർക്ക് | 3 |
| 6 | ഓഫീസ് അറ്റൻഡന്റ് | 1 |

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 37 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 20 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 17 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 16 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 -ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-22 സാമ്പത്തിക വർഷം 5 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

<u>വരവുകളിൻ മേലുള്ള നിയന്ത്രണം</u>

വരവിനങ്ങളുടെ ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർ നടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

<u>നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം</u>

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് . തൻവർഷം 100% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

<u>കൺട്രോൾ ഓവർ അക്കൗണ്ട്</u>

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽ വരുത്തുകയും ചെയ്തുവരുന്നുണ്ട്.

സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. രസീത് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഓരോ അക്കൗണ്ടിങ്ങ് രേഖകളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാനുവൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി ആകെ ഒരു തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനുറ്റ്സ് ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആകെ 3 വർക്കിംഗ് ഗ്രൂപ്പുകൾ മാത്രമാണ് യോഗങ്ങൾ ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ കരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

സേവന പുസ്തകം- ആർജ്ജിത അവധി കണക്കാക്കിയതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട, ആർജ്ജിത അവധി കണക്കാക്കിയതുമായി ബന്ധപ്പെട്ട അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെ. സുരേന്ദ്രൻ. സീനിയർ ക്ലാർക്ക്

സേവന പുസ്തകം പേജ് നം. 122 പ്രകാരം 11.01.2016 മുതൽ 20.01.2016 വരെ 20 ദിവസം പരിവർത്തിതാവധിയിലായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവ് ആർജ്ജിത അവധിക്ക് പരിഗണിക്കേണ്ടതില്ല. എന്നാൽ ഈ കാലയളവ് കുറവ് ചെയ്യാതെയാണ് ആർജ്ജിത അവധി കണക്കാക്കിയിട്ടുള്ളത്. അപാകത ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

രഘുനാഥൻ .കെ. ക്ലാർക്ക്

സേവന പുസ്തകം പേജ് നം. 114,115 പ്രകാരം 14.11.2018 മുതൽ 19.11.2018 വരെ 6 ദിവസം പരിവർത്തിതാവധിയിലായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവ് ആർജ്ജിത അവധിക്ക് പരിഗണിക്കേണ്ടതില്ല. എന്നാൽ ഈ കാലയളവ് കുറവ് ചെയ്യാതെയാണ് ആർജ്ജിത അവധി കണക്കാക്കിയിട്ടുള്ളത്. അപാകത ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-10 ബെള്ളൂർ ഗ്രാമ പഞ്ചായത്തിലെ ബജയിൽ പ്രവർത്തിക്കുന്ന മോഡൽ ആർട്സ് &സയൻസ് കോളേജിലെ അനധികൃത നിർമ്മാണം സംബന്ധിച്ച്.

ബെള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 2/180 എ എന്ന കെട്ടിടത്തിന്റെ ഉടമസ്ഥൻ പ്രൊഫ.മുരളി, പ്രസിഡണ്ട് ,അംബേദ്കർ മെമ്മോറിയൽ ട്രസ്റ്റ് ഫോർ

എഡ്യൂക്കേഷൻ & കൾച്ചർ, തിരുവനന്തപുരം എന്നയാളാണ്. (GF 677.23m2, FF 93m2, ആകെ 770.53m2 ന് വസ്തുനികുതി ഒടുക്കി വരുന്നുണ്ട്).

28-07-2018-ന് ബിൽഡിങ്ങ് എക്സ്റ്റൻഷന് വേണ്ടി അപേക്ഷ സമർപ്പിച്ചത് താഴെ പറയുന്ന കാരണങ്ങളാൽ 17-09-2018 ന് മടക്കിയതായി കാണുന്നു.

1)ഒന്നാം നിലയുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല.

2)കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 500 M2 നും 2000 M2നും ഇടയിൽ വരുന്നതിനാൽ ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ആവശ്യമാണ്(Rule 56(a))

3)നിലവിലെ താഴത്തെ നിലയുടെയും നിർദ്ദിഷ്ട ഒന്നാം നിലയുടെയും വിശദമായ പ്ലാൻ ആവശ്യമാണ്.

4)കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് (പോസ്റ്റ് ഗ്രാഡുവേറ്റ് സ്ട്രക്ചറൽ എഞ്ചിനീയറുടെ) ആവശ്യമാണ്.

5)സൈറ്റ് പ്ലാൻ സമർപ്പിച്ചത് യഥാർത്ഥ സൈറ്റുമായി മാച്ച് ചെയ്യുന്നില്ല.

6)പാർക്കിങ്ങ് ഏരിയ കാണിച്ചിട്ടില്ല.

7)ശുചിത്വ സൗകര്യങ്ങൾ കുറവാണ്.

8)FAR ,കവറേജ് കാണിച്ചിട്ടില്ല

9)സൈറ്റ് പ്ലാനിൽ പുറത്തെ അളവുകൾ കാണിച്ചിട്ടില്ല.

10)മഴ വെള്ള സംഭരണിയുടെ സംഭരണ ശേഷി കണക്കാക്കണം.

11)റാമ്പ് സൗകര്യം മെച്ചപ്പെടുത്തണം.

മേൽ അപാകതകൾ പരിഹരിക്കാതെ, ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിലവിലെ 700 ചതുരശ്ര മീറ്ററോളം വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ഓരോ നിലയിലും ഇത്ര തന്നെ വിസ്തീർണ്ണമുള്ള 2 നിലകൾ കൂടി (ആകെ 3 നിലകൾ) പണിതിട്ടുണ്ട്. ആവശ്യമായ ഫയർ & സേഫ്റ്റി സംവിധാനവും ഒരുക്കിയിട്ടില്ല.

കെട്ടിട നിർമാണ ചട്ടങ്ങൾ പാടേ ലംഘിച്ചു കൊണ്ടും ഗ്രാമ പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ പ്രതിവർഷം വലിയ നഷ്ടം സംഭവിക്കുന്ന രീതിയിലും നിർമാണം നടത്തിക്കൊണ്ടുള്ള ഈ കെട്ടിടം സംബന്ധിച്ച് ആവശ്യമായ അനന്തര നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.18/21-22 തീയതി 28-10-2022 ന് മറുപടി നല്കിയിട്ടില്ല.

## 1-11 ഗുണഭോക്താവ് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നത് സംബന്ധിച്ച്

2021-22 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം, സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയതിൽ, താഴെ പേര് ചേർത്ത പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുക, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. 2021-22-ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ 2021-22 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ.ഉ. (എം.എസ്) 483/17/ധന/06-11-17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാ വർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിങ്ങ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്ത ഗഡു മുതൽ പെൻഷൻ അനുവദിക്കുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് ചുവടെ ചേർത്ത പ്രകാരം തുടർന്നും പെൻഷൻ തുക നല്കിയിട്ടുണ്ട്

| ക്രമ നം. | പേര് | പെൻഷണർ .ഐ.ഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| 1. | പദ്മാവതി റൈ | 111770200741 | 03-06-2021 | 7/2021 | 1600x15=24,000 |
| | | | | 8/2021 | |
| | | | | 9/2021 | |
| | | | | 10/2021 | |
| | | | | 11/2021 | |
| | | | | 12/2021 | |
| | | | | 1/2022 | |
| | | | | 2/2022 | |
| | | | | 3/2022 | |
| | | | | 4/2022 | |
| | | | | 5/2022 | |
| | | | | 6/2022 | |
| | | | | 7/2022 | |
| | | | | 8/2022 | |
| | | | | 9/2022 | |
| 2. | ഗിരിജ വി ഷെട്ടി | 111770600164 | 27-05-2021 | 06/2021 | 1600x16=25,600 |
| | | | | 07/2021 | |
| | | | | 8/2021 | |
| | | | | 9/2021 | |
| | | | | 10/2021 | |
| | | | | 11/2021 | |
| | | | | 12/2021 | |
| | | | | 1/2022 | |
| | | | | 2/2022 | |
| | | | | 3/2022 | |
| | | | | 4/2022 | |
| | | | | 5/2022 | |
| | | | | 6/2022 | |
| | | | | 7/2022 | |
| | | | | 8/2022 | |
| | | | | 9/2022 | |
| 3. | വേദാവതി | 111770600122 | 01-04-2021 | 05/2021 | 1600x17=27,200 |
| | | | | 06/2021 | |
| | | | | 07/2021 | |
| | | | | 08/2021 | |

| | | | | | |
|---|---|---|---|---|---|
| | | | | 09/2021 | |
| | | | | 10/2021 | |
| | | | | 11/2021 | |
| | | | | 12/2021 | |
| | | | | 1/2022 | |
| | | | | 2/2022 | |
| | | | | 3/2022 | |
| | | | | 4/2022 | |
| | | | | 5/2022 | |
| | | | | 6/2022 | |
| | | | | 7/2022 | |
| | | | | 8/2022 | |
| | | | | 9/2022 | |
| 4. | അക്ക | 111770200718 | 19-03-2021 | 4/2021 | 1600x18=28,800 |
| | | | | 5/2021 | |
| | | | | 6/2021 | |
| | | | | 7/2021 | |
| | | | | 8/2021 | |
| | | | | 9/2021 | |
| | | | | 10/2021 | |
| | | | | 11/2021 | |
| | | | | 12/2021 | |
| | | | | 1/2022 | |
| | | | | 2/2022 | |
| | | | | 3/2022 | |
| | | | | 4/2022 | |
| | | | | 5/2022 | |
| | | | | 6/2022 | |
| | | | | 7/2022 | |
| | | | | 8/2022 | |
| | | | | 9/2022 | |
| 5. | ചനിയപ്പ ഗൗഡ | 111770200772 | 24-10-2021 | 11/2021 | 1600x11=17,600 |
| | | | | 12/2021 | |
| | | | | 1/2022 | |
| | | | | 2/2022 | |
| | | | | 3/2022 | |
| | | | | 4/2022 | |
| | | | | 5/2022 | |

| | | | | | |
|---|---|---|---|---|---|
| | | | | 6/2022 | |
| | | | | 7/2022 | |
| | | | | 8/2022 | |
| | | | | 9/2022 | |
| 6. | ഗിരിയപ്പ പൂജാരി | 111770200409 | 01-11-2021 | 12/2021 | 1600x2=3,200 |
| | | | | 1/2022 | |
| 7. | മുഹമ്മദ് | 111770200628 | 07-10-2021 | 11/2021 | 1600x11=17,600 |
| | | | | 12/2021 | |
| | | | | 1/2022 | |
| | | | | 2/2022 | |
| | | | | 3/2022 | |
| | | | | 4/2022 | |
| | | | | 5/2022 | |
| | | | | 6/2022 | |
| | | | | 7/2022 | |
| | | | | 8/2022 | |
| | | | | 9/2022 | |
| 8 | എ ബി കൃഷ്ണ | 111770200792 | 26-07-2021 | 8/2021 | 1600x14=22,400 |
| | | | | 9/2021 | |
| | | | | 10/2021 | |
| | | | | 11/2021 | |
| | | | | 12/2021 | |
| | | | | 1/2022 | |
| | | | | 2/2022 | |
| | | | | 3/2022 | |
| | | | | 4/2022 | |
| | | | | 5/2022 | |
| | | | | 6/2022 | |
| | | | | 7/2022 | |
| | | | | 8/2022 | |
| | | | | 9/2022 | |
| 9 | ലക്ഷ്മി | 111770600007 | 14-07-2021 | 08/2021 | 1600x14=22,400 |
| | | | | 09/2021 | |
| | | | | 10/2021 | |
| | | | | 11/2021 | |
| | | | | 12/2021 | |
| | | | | 1/2022 | |
| | | | | 2/2022 | |

| | | |
|---|---|---|
| | 3/2022 | |
| | 4/2022 | |
| | 5/2022 | |
| | 6/2022 | |
| | 7/2022 | |
| | 8/2022 | |
| | 9/2022 | |
| ആകെ | | 1,88,800 |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മരണപ്പെട്ട ശേഷവും ഗുണഭോക്താക്കൾക്ക് നൽകിയ പെൻഷൻ തുകയായ 1,88,800/-രൂപ തിരികെ ഈടാക്കി ഡി.ബി.ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.06/21-22 തീയതി 27-10-2022) (മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ഈടാക്കണമെന്ന് സർക്കാരിൻെറ 02-08-2021 തീയതിയിലെ സർക്കുലർ നം.63/2021/ധന പ്രകാരം ഉത്തരവായിട്ടുണ്ട്)

1-12 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതിയില്ല- ഫണ്ട് വിനിയോഗിക്കാൻ ബാക്കി

സമൂഹത്തിൽ ഒറ്റപ്പെട്ടവരും, പാർശ്വവൽക്കരിക്കപ്പെട്ടവരും, അശരണരുമായ അഗതികളെ കണ്ടെത്തി പുനരധിവസിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്നതാണ് പ്രൊജക്റ്റ് ലക്ഷ്യമിടുന്നത്. അഗതി – ആശ്രയ പദ്ധതിക്കു വേണ്ടി ഗ്രാമപഞ്ചായത്ത് സി.ഡി.എസ്.-ന് അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാതെ വലിയ തുക നീക്കി ബാക്കിയായി സൂക്ഷിച്ചിട്ടുണ്ട്. ഭക്ഷണം, ചികിത്സ, വീട്, സ്ഥലം, കുടിവെള്ളം, സ്വയംതൊഴിൽ തുടങ്ങിയ എല്ലാ മേഖലകളിലുമുള്ള പുനരധിവാസമാണ് അഗതി – ആശ്രയ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആകെ 30 ഗുണഭോക്താക്കളെയാണ് ഒന്നാം ഘട്ടത്തിൽ അഗതി – ആശ്രയ പദ്ധതിക്കായി തെരെഞ്ഞെടുത്തത്. ഗ്രാമ പഞ്ചായത്തിലെ സി.ഡി.എസ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പിന്നോക്കം പോയിരിക്കുന്നു എന്നാണ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നത്. നിലവിൽ അഗതി – ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ മുൻ വർഷങ്ങളിലായി ലഭിച്ച പലിശയടക്കം ആകെ 8,86,624/- രൂപ (DFK FUND) 01.02.2022-ൽ (അക്കൗണ്ട് നം. 40506101026023) നീക്കിയിരിപ്പുണ്ട്.

ഇക്കാര്യം പരിശോധിച്ച് നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പുതുക്കിയ അഗതി – ആശ്രയ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നീക്കിയിരിപ്പ് കൂടാതെ വിവിധ അക്കൗണ്ടുകളിലായി സി.ഡി.എസിന്റെ പക്കൽ ഭീമമായ ഫണ്ട് നീക്കിയിരിപ്പുള്ളതായും കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അകൗണ്ട് നമ്പർ | തിയതി | നിക്ഷേപം |
|---|---|---|
| 2864/SCB_BELLOOR | 31-3-2022 | 7,05,489 |
| 5919/SCB-BELLOOR | 31-3-2022 | 4,13,926 |

| | | |
|---|---|---|
| 6858/SCB-BELLORE | 26-10-2022 | 18,585 |
| 7217/SCB-Belloor | 13.10.2022 | 46,183 |
| 40506101016035-KGB | 1-10-2022 | 5,64,315 |
| 40506101026023-KGB | 13.04.2022 | 9,50,862 |
| 40506101031274-KGB | 26-09-2022 | 1,03,799 |
| 40506101030406-KGB | 06-10-2022 | 8,29,643 |
| | ആകെ | 36,32,809 |

മേൽ വിവരിച്ച പ്രകാരം സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെ പേരിലുള്ള വിവിധ അക്കൗണ്ടുകളിലായി 36,32,809/-രൂപയുടെ നീക്കിയിരിപ്പുണ്ട്. മേൽ തുകകൾ ഏതിനത്തിലുള്ള ഫണ്ട് ആണെന്നും ഫണ്ടുകൾ ചെലവ് ചെയ്യാതിരിക്കുന്നതിനുള്ള കാരണങ്ങളും വിശദീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 22 തീയ്യതി :28-10-2022)

1-13 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തിട്ടില്ല.

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs- ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടില്ല. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചിട്ടില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | ബിൽ നം & തിയതി | ഈടാക്കേണ്ട GST | ഈടാക്കേണ്ട IT |
|---|---|---|---|---|---|---|
| 1 | മാടഡുക്ക- | മുഹമ്മദ് | 3,93,151.66 | 6827-01-04-2022 | 7,863 | 3,931 |

| | | | | | | |
|---|---|---|---|---|---|---|
| | മവിനഹിത്തില്ല റോഡ് കോൺക്രീറ്റ് | അശ്രഫ് എ.എൻ | | | | |
| 2 | ബെള്ളൂർ -അഡ്വാള റോഡ് കോൺക്രീറ്റ് | മുഹമ്മദ് അശ്രഫ് എ.എൻ | 3,92,651.52 | 2013/01-04-2022 | 7,853 | 3,926 |
| 3 | ഖണ്ടികെ-പമ്പജാല്ല റോഡ് കോൺക്രീറ്റ് | മുഹമ്മദ് അശ്രഫ് എ.എൻ | 3,93,651.66 | 1677/01-04-2022 | 7,873 | 3,936 |
| 4 | മരതമൂലെ റോഡ് കോൺക്രീറ്റ് | മുഹമ്മദ് അശ്രഫ് എ.എൻ | 3,92,141.73 | 2070/01-04-2022 | 7,842 | 3,921 |
| 5 | മിൻചിപ്പദവ്-കക്കെബെട്ടു റോഡ് കോൺക്രീറ്റ് | മുഹമ്മദ് അശ്രഫ് എ.എൻ | 3,92,151.52 | 1978/01-04-2022 | 7,843 | 3,921 |
| 6 | ഇൻതുമൂലെ റോഡ് കോൺക്രീറ്റ് | മുഹമ്മദ് അശ്രഫ് എ.എൻ | 3,92,651.52 | 1893/01-04-2022 | 7,853 | 3,926 |
| 7 | ഇടമൊഗരു റോഡ് കോൺക്രീറ്റ് | മുഹമ്മദ് അശ്രഫ് എ.എൻ | 396988.4 | 2061/01-04-2022 | 7,939 | 3,969 |
| | | | | | 55,066 | 27,530 |

നികുതികൾ ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കേണ്ടതാണ്. GST,നികുതികൾ ഇാടാക്കിയിട്ടുണ്ടെങ്കിൽ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 19 തീയ്യതി :28-10-2022)

1-14 ഒ.ഡി.എഫ് പദ്ധതി ( Gen Toilet) നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല .-നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ.144/2021-22, ഒ.ഡി.എഫ് പദ്ധതി ( Gen. Toilet)
യൂണിറ്റ് കോസ്റ്റ്- ₹15,400/
ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ഒ.ഡി.എഫ് പദ്ധതി (Gen. Toilet) നിർമ്മാണ പദ്ധതിയ്ക്കായി ആകെ 1,14,600/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2 ഗുണഭോക്താക്കൾ ചുവടെയുള്ള പട്ടിക പ്രകാരം ആദ്യ ഗഡുവായ 3,400/-രൂപ നൽകിയിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടുകയുണ്ടായി. പ്രസ്തുത

ഗുണഭോക്താക്കൾ ആദ്യഗഡു തുക കൈപ്പറ്റിയിട്ടും നിർമ്മാണം ആരംഭിക്കാത്തതിനാൽ 6,800/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.11/28.10.2022)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബാലൻസ് തുക | കൈപ്പറ്റിയ ബിൽ നമ്പർ/ തിയതി |
|---|---|---|---|---|
| 1 | ശാലിനി | 3,400 | 12,000 | 191/10.12.2021 |
| 2 | ഗിരിജ | 3,400 | 12,000 | 191/10.12.2021 |

1-15 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടത്തിയ പദ്ധതികൾ - മോണിറ്ററിംഗ് രേഖകൾ ലഭ്യമല്ല.

2021-22 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി നിർഹണത്തിനായി 1,51,47,799/- രൂപ വകയിരുത്തിയതിൽ 99,26,827/- രൂപയുടെ വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.
കൂടാതെ, ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ഭരണ സമിതിയുടെ തീരുമാനങ്ങൾ, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർ/ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ, നാളിതുവരെ പൂർത്തീകരിച്ച ലൈഫ് ഭവനങ്ങളുടെ ഗുണഭോക്താക്കളുടെ പേര്, (വീട്ടു നമ്പർ ഉൾപ്പെടെ) എന്നീ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം .10/28.10.2022)

1-16 കാസറഗോഡ് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എ.ബി.സി പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 109/21-22 |
| പ്രോജക്ടിന്റെ പേര് | കാസറഗോഡ് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന എ.ബി.സി പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,00,000/-രൂപ<br>വികസന ഫണ്ട് (ജനറൽ) |
| ചെലവ് തുക | 1,00,000/-രൂപ |
| ബിൽ റഫറൻസ് | 21200252004300656369/16-11-2021 |

| | |
|---|---|
| നമ്പർ, തീയതി | |

